ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:05.05.2024**

## പ്രധാനവാർത്തകൾ

1. **മൂന്നാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം അവസാനിച്ചു ; 10 സംസ്ഥാനങ്ങളിലും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലും മറ്റന്നാൾ വോട്ടെടുപ്പ്.**
2. **അഞ്ചാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും.**
3. **തുടർച്ചയായ പക്ഷിപ്പനിയിൽ പ്രതിസന്ധിയിലായി കുട്ടനാട്ടിലെ താറാവ് കർഷകർ.**
4. **കേരള - തമിഴ്നാട് തെക്കൻ തീരങ്ങളിൽ കള്ളക്കടൽ ജാഗ്രതാ മുന്നറിയിപ്പ്; സംസ്ഥാനത്ത് ചൊവ്വാഴ്ച വരെ ഉയർന്ന ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
5. **ഐപിഎല്ലിൽ ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ പഞ്ചാബ് കിംഗ്സിന് 168 റൺസ് വിജയലക്ഷ്യം.**

RNU TVPM

***************************

**മൂന്നാംഘട്ട തിരഞ്ഞെടുപ്പ്**

മൂന്നാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം അവസാനിച്ചു. മറ്റന്നാളാണ് വോട്ടെടുപ്പ്. 10 സംസ്ഥാനങ്ങളിലെ 93 മണ്ഡലങ്ങളിലും കേന്ദ്രഭരണ പ്രദേശമായ ദാദ്ര നഗർ ഹവേലിയിലും ദാമൻ ദിയുവിലുമാണ് മൂന്നാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുക. കർണാടകയിലെ അവശേഷിക്കുന്ന 14 സീറ്റുകൾക്കൊപ്പം, മഹാരാഷ്ട്രയിലെ 11, ഉത്തർപ്രദേശിലെ 10, മധ്യപ്രദേശിലെ എട്ട്, ഛത്തീസ്ഗഢിലെ ഏഴ് സീറ്റുകളിലേക്കും വോട്ടെടുപ്പ് നടക്കും.

***************************

**ഇലക്ഷൻ - അഞ്ചാം ഘട്ടം**

അഞ്ചാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന്റെ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും. പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്നലെ നടന്നു. ബിഹാർ, ഝാർഖണ്ഡ്, മഹാരാഷ്ട്ര, ഒഡീഷ, ഉത്തർ പ്രദേശ്, പശ്ചിമ ബംഗാൾ, ജമ്മു കശ്മീർ, ലഡാക് എന്നിവിടങ്ങളിലെ 49 മണ്ഡലങ്ങളാണ് അഞ്ചാം ഘട്ടത്തിൽ വിധിയെഴുതുന്നത്. ഈ മാസം 20 നാണ് അഞ്ചാംഘട്ട വോട്ടെടുപ്പ്.

***************************

**ഫ്ളക്സ് ബോർഡുകൾ - നീക്കം ചെയ്യണം**

സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സ്ഥാപിച്ച ഫ്ളക്സ് ബോർഡുകളും കൊടിതോരണങ്ങളും അതത് മുന്നണികൾ ഉടൻ നീക്കം ചെയ്യണമെന്ന് മന്ത്രി എം ബി രാജേഷ് . അധ്യയന വർഷാരംഭവും, കാലവർഷവും മുന്നിൽ കണ്ട് അപകടങ്ങൾക്ക് കാരണമായേക്കാവുന്ന ബോർഡുകൾ, ഹോർഡിംഗുകൾ എന്നിവ മെയ് 10 നുള്ളിൽ നീക്കം ചെയ്യാനുള്ള

PNUTVPM

നടപടികൾ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ സ്വീകരിക്കണമെന്നും മന്ത്രി നിർദേശിച്ചു.

*************************

## കെ.എസ്.ഇ.ബി

സംസ്ഥാനത്ത് കനത്ത ചൂടിനെ തുടർന്ന് വൈദ്യുതി മേഖലയ്ക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സ്ഥിതിഗതികൾ ഏകോപിപ്പിക്കുന്നതിനും കൺട്രോൾ റൂം സംവിധാനം ഏർപ്പെടുത്തി കെ.എസ്.ഇ.ബി. ഫീഡറുകളിലെ ഓവർലോഡ്, സബ്സ്റ്റേഷനുകളിലെ ലോഡ് ക്രമീകരണം, വിവിധ സ്ഥലങ്ങളിൽ വ്യത്യസ്ത സമയങ്ങളിലെ വൈദ്യുതി ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം തുടങ്ങി നിരവധി കാര്യങ്ങൾ പരിഹരിക്കുന്നതിനാണ് കൺട്രോൾ റൂം സംവിധാനം. തിരുവനന്തപുരത്ത് വൈദ്യുതി ഭവനിലാണ് കൺട്രോൾ റൂം പ്രവർത്തിക്കുക.

RNU TVPM

*************************

## നവകേരള ബസ്

നവകേരള സദസിനായി ഉപയോഗിച്ച, നവകേരള ബസിന്റെ ആദ്യ സർവീസിൽ തന്നെ വാതിൽ തകർന്നു എന്ന വാർത്ത അടിസ്ഥാന രഹിതമാണെന്ന് മന്ത്രി കെ ബി ഗണേഷ് കുമാർ. കോഴിക്കോട് നിന്നും ബെംഗളൂരുവിലേക്ക് ആദ്യ യാത്ര പുറപ്പെട്ട ഗരുഡ പ്രീമിയം ബസ്സിന്റെ വാതിലിനു യാതൊരു തകരാറും ഇല്ലായിരുന്നു. ബസ്സിന്റെ സുരക്ഷയുടെ ഭാഗമായി അടിയന്തിര ഘട്ടത്തിൽ മാത്രം ഉപയോഗിക്കേണ്ട സ്വിച്ച് ആരോ അബദ്ധത്തിൽ അമർത്തിയതാണ് വാതിൽ തുറക്കാൻ കാരണം. പിന്നീട് ഡോർ എമർജൻസി സ്വിച്ച് റീസെറ്റ് ചെയ്ത് യാത്ര തുടരുകയാണ് ഉണ്ടായത് എന്നും മന്ത്രി സമൂഹ മാധ്യമത്തിൽ പറഞ്ഞു.

*************************

**പക്ഷിപ്പനി ... ഇൻട്രോ**

കുട്ടനാട്ടുകാർക്ക് നെൽകൃഷിക്ക് പുറമേയുള്ള ജീവിതോപാധിയാണ് താറാവ് വളർത്തൽ. എന്നാൽ തുടർച്ചയായി ഉണ്ടാകുന്ന പക്ഷിപ്പനി കർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ല പ്രതിനിധി ആർ രവികുമാർ... (വോയിസ് )**

*************************

**ജമ്മുകാശ്മീർ**

ജമ്മു കശ്മീരിലെ പൂഞ്ച് ജില്ലയിൽ വ്യോമസേനാ വാഹനങ്ങൾക്ക് നേരെയുണ്ടായ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച സൈനികന്റെ കുടുംബത്തെ അനുശോചനം അറിയിച്ച് വ്യോമസേന. രാഷ്ട്ര സേവനത്തിനിടെ ജീവത്യാഗം ചെയ്ത സൈനികൻ വിക്കി പഹാഡെയെ അഭിവാദ്യം ചെയ്യുന്നതായി വ്യോമസേന സമൂഹമാധ്യമത്തിൽ കുറിച്ചു. അതിനിടെ ആക്രമണത്തിന്ഭീകരരെ സഹായിച്ചതായി സംശയിക്കുന്ന 6 പ്രദേശവാസികളെ ചോദ്യം ചെയ്തു. ഇന്നലെ വൈകുന്നേരമാണ് ഭീകരാക്രമണത്തിൽ ഒരു സൈനികൻ വീരമൃത്യു വരിച്ചത്. അഞ്ച് സൈനികർക്ക് പരിക്കേറ്റു.

*************************

**നീറ്റ് പരീക്ഷ**

മെഡിക്കൽ ബിരുദ പ്രവേശനത്തിനായുള്ള ദേശീയ പരീക്ഷയായ നീറ്റ് ഇന്ന് നടന്നു. ഇത്തവണ 24 ലക്ഷത്തിലേറെ

RNU TVPM

വിദ്യാർത്ഥികളാണ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തത്. രാജ്യത്തെ 557 നഗരങ്ങളിലും 14 വിദേശ നഗരങ്ങളിലുമായിട്ടാണ് പരീക്ഷ നടന്നത്.

*************************

**<u>ഐ പി എൽ</u>**

ഐപിഎൽ ക്രിക്കറ്റിൽ ഇന്നത്തെ ആദ്യ മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ പഞ്ചാബ് കിംഗ്സിന് 168 റൺസ് വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത ചെന്നൈ 20 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 167 റൺസ് എടുത്തു. ഇന്നത്തെ രണ്ടാം മത്സരത്തിൽ ലക്നൗ സൂപ്പർ ജയന്റ്സ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

*************************

**<u>കള്ളക്കടൽ</u>**

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തെക്കൻ കേരള തീരത്തും, കന്യാകുമാരി, തൂത്തുക്കുടി ഉൾപ്പെടെയുള്ള തെക്കൻ തമിഴ്നാട് തീരത്തും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം ഇന്ന് രാത്രി 11.30 വരെ ഓറഞ്ച് ജാഗ്രത നൽകി. അതിതീവ്ര തിരമാലകൾ കാരണം ശക്തിയേറിയ കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യ ത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കാനും നിർദ്ദേശമുണ്ട്. ബീച്ചുകളിലേക്കുള്ള വിനോദസഞ്ചാരത്തിനും നിയന്ത്രണമുണ്ട് .

PRD TVPM

*************************

**<u>കള്ളക്കടൽ ... ഇൻട്രോ</u>**

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് കടലാക്രമണം രൂക്ഷമായി തുടരുന്നു. അഞ്ചു തെങ്ങിലും വിഴിഞ്ഞത്തുമാണ് കടലാക്രമണം കൂടുതൽ രൂക്ഷമായത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി റെജു കോലിയക്കോട്......**

(വോയ്സ്)

*************************

**<u>കള്ളക്കടൽ - തൃശ്ശൂർ</u>**

കൊടുങ്ങല്ലൂർ താലൂക്കിന്റെ തീരപ്രദേശങ്ങളിൽ ഇന്നലെ രാത്രിയോടെ ചെറിയ രീതിയിൽ കള്ളക്കടൽ പ്രതിഭാസം അനുഭവപ്പെട്ടു. ചന്തക്കടപ്പുറം, കാര അറപ്പക്കടവ്, പുതിയ റോഡ്, പെരിഞ്ഞനം സമിതി ബീച്ച് എന്നിവിടങ്ങളിലാണ് കടൽ കരയിലേക്ക് കയറിയത്. എന്നാൽ ഇന്ന് രാവിലെ മുതൽ പ്രത്യേകിച്ച് മാറ്റങ്ങളൊന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല.

*************************

**<u>കള്ളക്കടൽ - കൊല്ലം</u>**

കള്ളക്കടൽ പ്രതിഭാസത്തെ തുടർന്ന് കൊല്ലത്ത് കടൽക്ഷോഭം ശക്തമായി തുടരുന്നു. കൊല്ലം നഗരത്തിലെ വെടിക്കുന്ന് ഭാഗത്ത് തിരയടിയിൽ ഒരു വീട് തകർന്നു. ആഴ്ചകൾക്കു ശേഷം ഇന്ന് ജില്ലയിൽ പകൽച്ചൂടിന്റെ കാഠിന്യം താരതമ്യേന കുറവായിരുന്നു.

*************************

**<u>മഴ - മിന്നൽ</u>**

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസങ്ങളിൽ ഇടിമിന്നലോടു കൂടിയ ശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. ബുധനാഴ്ച എറണാകുളത്തും 9-ാം തീയതി വയനാടും മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

RNU TVPM

8, 9 തീയതികളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാവകുപ്പ് അറിയിച്ചിട്ടുണ്ട് .

*************************

താപനില

സംസ്ഥാനത്ത് ചൊവ്വാഴ്ച വരെ ഉയർന്ന ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പാലക്കാട് ജില്ലയിൽ 39°C വരെയും, കൊല്ലം, ആലപ്പുഴ, തൃശൂർ, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ 37°C വരെയും, തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോട്ടയം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ 36°C വരെയും താപനില ഉയർന്നേക്കുമെന്നാണ് മുന്നറിയിപ്പ്. ആലപ്പുഴ, കോഴിക്കോട് ജില്ലകളിലെ ചില പ്രദേശങ്ങളിൽ ഇന്ന് രാത്രി ചൂട് കൂടുമെന്നും അറിയിച്ചിട്ടുണ്ട്.

RNU TVPM

*************************

വാക്സിനേഷൻ ക്യാമ്പ്

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നാളെ കോഴിക്കോട് ജനറൽ ആശുപത്രിയിൽ ഹജ്ജ് വാക്സിനേഷൻ ക്യാമ്പുകൾ നടത്തുന്നു. ഈ മാസം ഒൻപതിന് വടകര ജില്ലാ ആശുപത്രി, താമരശ്ശേരി താലൂക്ക് ആശുപത്രി, കൊയിലാണ്ടി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലും ക്യാമ്പുകൾ നടക്കും.

*************************

കാന്തല്ലൂർ കനവ്....INTRO

ഇന്ത്യയിലെ മികച്ച ടൂറിസം വില്ലേജിനുള്ള ഗോൾഡൻ പുരസ്കാരം ലഭിച്ച കാന്തല്ലൂരിൽ, കാന്തല്ലൂർ കനവിന് ചൊവ്വാഴ്ച്ച

തുടക്കമാകും. കാന്തല്ലൂർ ടൂറിസം ഫെസ്റ്റിനോട് അനുബന്ധിച്ചാണ് ഇടുക്കി ജില്ലയിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടേയും ഉൽപന്നങ്ങളുടേയും പ്രദർശന വിപണന മേള "കാന്തല്ലൂർ കനവ്" നടക്കുക. **വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ........**

(വോയ്സ്)

**************************

ചട്ടമ്പിസ്വാമി സമാധി

ചട്ടമ്പിസ്വാമി സമാധി ശതാബ്ദി ആചരണത്തോടനുബന്ധിച്ച് ചവറ പന്മന ആശ്രമത്തിൽ സംഘടിപ്പിച്ച അനുസ്മരണ സമ്മേളനം പശ്ചിമബംഗാൾ ഗവർണർ സി.വി.ആനന്ദബോസ് ഉദ്ഘാടനം ചെയ്യു.

**************************

****************************************************************************

***

RNU TVPM